# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നംമ്പർ :7503/11/12/2021/

പരാതികക്ഷി: രമ.എ, റ്റി.സി.നം.96/1031,രാഹുൽനിവാസ്,
പുലയനാർകോട്ട, തുറുവിക്കൽ.പി.ഒ,
തിരുവനന്തപുരം

എതിർകക്ഷികൾ ഡയറക്ടർ,റീജിയണൽ ക്യാൻസർസെൻറർ,
മെഡിക്കൽകോളേജ്,തിരുവനന്തപുരം.

ഉത്തരവ് തീയതി 06.11.2025

റീജിയണൽ ക്യാൻസർസെൻററിൻെറ നിർമ്മാണ പ്രവർത്തനത്തിൻെറ ഭാഗമായി അവിടെനിന്നും നീക്കം ചെയ്യുന്ന മണ്ണും കെട്ടിടാവശിഷ്ടങ്ങളും മറ്റും പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി വസ്തുവിൽ നിക്ഷേപിച്ചതിനാൽ പരാതികക്ഷികൾ നേരിടുന്ന ബുദ്ധിമുട്ടുകളും, സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ മണ്ണിടിച്ചിൽ കാരണം അപകട ഭീഷണിയിലാണെന്നും മറ്റും കാണിച്ച് എച്ച്.ആർ.എം.പി 1240/2020 നൽകിയ പരാതിയിൽ കമ്മീഷൻ 02.08.2021 തീയതി പാസ്സാക്കിയ ഉത്തരവ് നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ലായെന്ന് കാണിച്ചുകൊണ്ടാണ് ഈ പരാതി നൽകിയിട്ടുള്ളത്.

പരാതി വിഷയത്തിൽ ജില്ല ദുരന്ത നിവാരണ അതോരിറ്റി ചെയർപേഴ്സനായ ജില്ലാകളക്ടർ 03.11.2025 തീയതി Action Taken റിപ്പോർട്ട് സമർപ്പിച്ചു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി 21.07.2024 തിയതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിൻെറ അടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനുള്ള നടപടികൾ ആർ.സി.സി ആരംഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനക്കെടുത്ത 06.11.2025 തീയതി ഡെപ്യൂട്ടി കളക്ടറും (ദുരന്ത നിവാരണം) ആർ.സി.സി യുടെ പ്രതിനിധിയായി മെഡിക്കൽ സൂപ്രണ്ടും ഹാജരായി. പരാതികക്ഷിയും ഹാജരായി. നിലവിൽ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പണികൾ 3 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നും അതോടുകൂടി പരാതികക്ഷിയുടെ ആവലാതിക്ക് പരിഹാരം ഉണ്ടാകുമെന്നും ഡെപ്യൂട്ടി കളക്ടർ ഉറപ്പുനൽകി.

3 മാസത്തിനുള്ളിൽ സംരക്ഷണ ഭിത്തി ഉൾപ്പെടെയുള്ള പണികൾ പൂർത്തീകരിച്ച് ഹർജികക്ഷിയുടെയും പരിസരവാസികളുടെയും അപകട ഭീഷണി ഒഴിവാക്കേണ്ടതാണ്. ഡെപ്യൂട്ടി കളക്ടർ ഇടയ്ക്കിടക്ക് പണികളുടെ പുരോഗതി monitor ചെയ്യേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. മേൽ നിർദ്ദേശത്തോടെ ഈ പരാതിയിന്മേലുള്ള തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

ഉത്തരവിന്റെ പകർപ്പ് ഡെപ്യൂട്ടി കളക്ടറും (ദുരന്ത നിവാരണം), ഡയറക്ടർ,റീജിയണൽ ക്യാൻസർസെന്റർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ